# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3139 21/06/2013 ലെ മറുപടിക്ക്

### പഞ്ചായത്ത് വകുപ്പ് ശാക്തീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, എം. എ. വാഹിദ്:<br>,, ഷാഫി പറമ്പിൽ:<br>,, ഡൊമിനിക് പ്രസന്റേഷൻ: | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) |
| (എ) പഞ്ചായത്ത് വകുപ്പിന്റെ ശാക്തീകരണത്തിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തത്; വിശദമാക്കുമോ; | (എ) ഗ്രാമസഭകളെ ശക്തിപ്പെടുത്തൽ, കൂടുതൽ ജന പങ്കാളിത്തം ഉറപ്പു വരുത്തൽ എന്നീ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിന് പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി യുടെ നേതൃത്വത്തിൽ വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുചേർക്കുകയും ഒട്ടേറെ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്തി ട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ജോലി ഭാരം കണക്കി ലെടുത്ത് സാമ്പത്തികമായി മെച്ചപ്പെട്ട 864 ഗ്രാമ പഞ്ചായത്തുകളിൽ പുതുതായി അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമെ പഞ്ചായത്ത് വകുപ്പിൽ 990 എൽ.ഡിക്ലാർക്ക് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഓഫീസ് പ്രവർ ത്തനം കാര്യക്ഷമമാക്കുന്നതിനും ആന്തരിക നിയന്ത്രണം ശക്തിപ്പെടു |

| | | | |
|---|---|---|---|
| | | | ത്തുന്നതിനുമായി അക്രുവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം 975 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഭരണ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ വൈസ് പ്രസിഡന്റ്/ സെക്രട്ടറി എന്നിവർക്ക് സിയുജി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളും സേവനങ്ങളും ഓൺലൈനായി മാറുന്ന സാഹചര്യത്തിൽ എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്/ സെക്രട്ടറി എന്നിവർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് നടപ്പിലാക്കേണ്ട ചില പദ്ധതികൾ നടപ്പിലാക്കുന്നതിന് ശുചിത്വമിഷൻ പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകി വരുന്നു. നവീന അറവുശാല, ഖരമാലിന്യ സംസ്കരണം, ദ്രവമാലിന്യ സംസ്കരണം എന്നിവ ഇതിൽപ്പെടുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) | ഗ്രാമ പഞ്ചായത്തുകളുടെ ശാക്തീകരണവും ഭരണ നിർവ്വഹണത്തിലെ കാര്യക്ഷമതയുമാണ് ലക്ഷ്യം. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതു മായി സഹകരിച്ചത് ; വിശദമാക്കുമോ ; | (സി) | ഐ.കെ.എം., കില, ബി.എസ്.എൻ.എൽ, ശുചിത്വമിഷൻ എന്നീ ഏജൻസികളാണ് ഇതുമായി സഹകരിച്ചത്. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എന്തെല്ലാം പുരോഗതി നേടിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഈ സർക്കാരിന്റെ കാലത്താണ് മേൽപ്പറഞ്ഞ നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ